# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1140

12.03.2015 ൽ മറുപടിയ്ക്ക്

## ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ എട്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നാല് സർക്കാർ പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) | സാങ്കേതിക സ്ഥാപനങ്ങളായ എഞ്ചിനീയറിംഗ് കോളേജുകൾ പോളിടെക്നിക്കുകൾ എന്നിവിടങ്ങളിൽ നിന്ന് വിജയകരമായി കോഴ്സ് പൂർത്തിയാക്കിയതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിന് ടെക്നോളജി ബിസിനസ്സ് സെന്ററുകളിലെ പരിശീലനം സഹായകരമാണ്. അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റിയോടുകൂടിയുള്ള കമ്പ്യൂട്ടർ സംവിധാനങ്ങളുള്ള വിവിധ സോഫ്റ്റ്വെയർ ഉപകരണങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനും പദ്ധതി രൂപീകരണത്തിനും വികസനത്തിനും സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാർത്ഥികളിൽ സംരംഭക കഴിവുകൾ വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തന്മൂലം വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന സാങ്കേതിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനു വേണ്ടിയാണ് ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ. |

| | | | |
|---|---|---|---|
| സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; | സി) | പുതുതായി വിജയിച്ചുവരുന്ന എഞ്ചിനീയറിംഗ് ബിരുദ/ഡിപ്ലോമ വിദ്യാർത്ഥികൾക്കും സംരംഭകത്വ പ്രവർത്തനങ്ങളിൽ താൽപര്യം ഉള്ളവർക്കും സഹകരിക്കാവുന്നതാണ്. |
| ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ? | | സംസ്ഥാനത്തെ എട്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നാല് സർക്കാർ പോളിടെക്നിക്കുകളിലും പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ